(ബി) പ്രസ്തുത വർഷങ്ങളിൽ കേന്ദ്രവിഹിതമായി ലഭിച്ച തുക താഴെപ്പറയും പ്രകാരമാണ്.

വർഷം	ലഭിച്ച തുക (രൂപ കോടിയിൽ)
2001-02	3370.29
2002-03	3846.45
2003-04	3887.78
2004-05	5199.33 (താൽക്കാലിക കണക്കുകൾ)

(സി) വിശദവിവരം അടങ്ങിയ സ്റ്റേറ്റുമെന്റ് ഇതോടൊപ്പം വയ്ക്കുന്നു.

2004-05 സാമ്പത്തിക വർഷത്തിലെ റവന്യൂ വരുമാനം

5 [183] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-05 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്ന മൊത്തം റവന്യൂ വരുമാനമെത്രയായിരുന്നു;

(ബി) പ്രസ്തുത സാമ്പത്തിക വർഷത്തിൽ യഥാർത്ഥ-വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) റവന്യൂ വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2004-05 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്ന മൊത്തം റവന്യൂ വരുമാനം 14,263.96 കോടി രൂപയായിരുന്നു.

(ബി) താൽക്കാലിക കണക്കുകളനുസരിച്ച് 2004-05 വർഷത്തിലെ റവന്യൂ വരുമാനം 13,488.82 കോടി രൂപയാണ്.

(സി) താൽക്കാലിക കണക്കുകൾ പ്രകാരം റവന്യൂ വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്. വിശദമായ കണക്കുകൾ ലഭിച്ച ശേഷമേ കുറവിനുള്ള കാരണം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ.

†അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly